भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DZ 377697

## <u>വാടകച്ചീട്ട്</u>

2023.07.14 രണ്ടായിരത്തിഇരുപത്തിമൂന്നാം വർഷം ജൂലൈ മാസം പതിനാലാം തീയതി കൊല്ലംതാലൂക്കിൽ പനയംവില്ലേജിൽ ചോനംചിറ ചേരിയിൽ രഞ്ജുമനോർ ശ്രീധരൻ മകൻ രവി പേർക്ക് ടി വില്ലേജിൽ പാമ്പാലിൽചേരിയിൽ തുണ്ടഴികത്ത് പുത്തൻ ബംഗ്ലാവിൽ ലെവൻ മകൻ വിഷ്ണു എഴുതികൊടുത്തവാടകച്ചീട്ട്.

താങ്കളുടെ ഉടമസ്ഥതയിലും കൈവശത്തിലും കരംതീരുവയിലും ഉള്ളതും പനയംഗ്രാമപഞ്ചായത്തിൽ നിന്നും 9/293എന്ന നമ്പർ കൊടുത്തിട്ടുള്ള കടമുറി എനിക്ക് **മൊബൈൽഷോപ്പ്**നടത്തുന്ന അവശ്യത്തിലേക്കായി താങ്കളോട് ഞാൻ ആവശ്യപ്പെടുകയും വാടകയ്ക്ക്തരാമെന്ന് താങ്കൾ സമ്മതിക്കുകയുംചെയ്തതനുസരിച്ച് കടമുറി പ്രതിമാസം **നാലായിരം (4000)**രൂപ വാടകനിശ്ചയിച്ചും ആയത് നമ്മൾ പരസ്പരം സമ്മതിച്ചും ഇന്ന്മുതൽ പതിനൊന്ന്(11) മാസത്തേക്ക് ടി നമ്പർ കടമുറി ഞാൻ വാടകയ്ക്ക് ഏറ്റ് താങ്കളുടെ പക്കൽ താക്കോൽ വാങ്ങിയിട്ടുള്ളതാകുന്നു.

**വിഷ്ണു**

No: 7019
14/7/2023

വിഷ്ണു ലവൻ,
തുണ്ടഴികത്ത് പുത്തൻ ബംഗ്ലാവിൽ
പാമ്പാലിൽ, പെരിനാട് പി.ഒ

എസ്സ്. ദീപകുമാർ
സ്റ്റാമ്പ് വെണ്ടർ
അഞ്ചാലുംമൂട്

SUB TREASURY
12 JUL 2023
KOLLAM

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA DZ 377698



ആകയാൽ ടികടമുറി ഇന്നുമുതൽ എനിക്ക് മൊബൈൽ ഷോപ്പ് നടത്തുന്ന അവശ്യത്തിനായി മാത്രം ഉപയോഗിച്ചും വാടകാവകാശം കൈമാറ്റം ചെയ്യാതെയും കീഴ്വാടകയ്ക്ക് കൊടുക്കാതെയും ടി കടമുറിക്ക് കേടുപാടുകളോ നഷ്ടങ്ങളോ വരുത്താതെയും കറൻറ് ചാർജ്ജ് യഥാസമയങ്ങളിൽ ഞാൻ തന്നെ അടച്ചും വാടക രൂപ നാലായിരം (4000/-) അതാതു മാസം കൃത്യമായി താങ്കളെ എൽപ്പിച്ചു കൈപ്പടരസീത് വാങ്ങിയും കാലാവധി വരെനടന്നുകൊള്ളാവുന്നതും. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് യാതൊരുവിധ തർക്കങ്ങളും തടസ്സവാദങ്ങളും ഉന്നയിക്കാതെ ടി കടമുറിയിൽ നിന്നും എന്റെ വാടകവകാശം ഒഴിഞ്ഞ് താക്കോലിൽ താങ്കളുടെ പക്കൽ തിരികെ ഏല്പിച്ചുകൊള്ളാമെന്നും പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

വിഷ്ണു

...0.7020
.../7/2023

വിഷ്ണു ഭവൻ,
...
...

എസ്. ഗോപകുമാർ,
സ്റ്റാമ്പ് വെണ്ടർ,
അഞ്ചാലുംമൂട്

SUB TREASURY
12 JUL 2023
KOLLAM

മേൽവിവരിച്ചതിന് വിപരീതമായി ഞാൻ പ്രവർത്തയികുകയോ വാടകകുടിശ്ശിക വരുത്തുകയോ ചെയ്താൽ കാലാവധി പരിഗണിക്കാതെയും നോട്ടീസോ മറ്റ്നിയമനടപടികളോ കൂടാതെയും ടി കടമുറിൽ നിന്നും എന്നെ ഒഴിപ്പിച്ചെടുക്കുന്നതിന് താങ്കൾക്ക് അധികാരവും അവകാശവും ഉള്ളതും അങ്ങനെഉണ്ടായാൽ ആയതിലേക്ക് താങ്കൾക്കുണ്ടാകുന്ന സകലനഷ്ടങ്ങളും ചെലവുകളും എന്നിലും സ്വത്തുക്കളിലും സ്ഥാപിച്ച് ഈടാക്കി എടുക്കുന്നതിന് താങ്കൾക്ക് അധികാരവും അവകാശവും ഉള്ളതും ആയതിന് ഞാൻ ഇതിനാൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നതും ആകുന്നു.

ഈ വാടകച്ചീട്ടിന്റെ കൂടുതൽ ഉറപ്പിനും ഉത്തരവാദിത്വത്തിനും വേണ്ടി **ഒരുലക്ഷം(100000)**രൂപാ ഡിപ്പോസിറ്റായിഞാൻ താങ്കൾക്ക് തന്നിട്ടുള്ളതുംവാടകവകാശം ഒഴിഞ്ഞ് താക്കോൽ തിരികെ ഏൽപ്പിക്കുന്ന സമയത്ത് എന്നിൽനിന്നും വല്ലതുകയും ഇടക്കുവാനുണ്ടെങ്കിൽ ആയത് കഴിച്ചും ഒന്നുംതന്നെ ഇല്ലെങ്കിൽ ടി ഡിപ്പോസിറ്റ്തുകപലിശഇല്ലാതെഎനിക്ക്തിരികെതന്നുകൊള്ളേണ്ടതും ആകുന്നു.

ഇപ്രകാരം സമ്മതിച്ച് എഴുതികൊടുത്ത ലെവൻ മകൻ **വിഷ്ണു**

സാക്ഷി: സഹോദരി പനയം വില്ലേജിൽ പമ്പാലിൽ ചേരിയിൽ

തുണ്ടഴികത്ത് പുത്തൻ ബംഗ്ലാവിൽ ലെവൻ മകൾ **വൃന്ദ** .

ഇത് കമ്പ്യൂട്ടറിൽ പ്രിൻറ്ചെയ്തിട്ടുള്ളതാണ്.

**വിഷ്ണു**